ഭരണഭാഷ - മാതൃഭാഷ

PDLSGD/1241/2022-C2

തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം
4-ാം നില, സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി.ഒ., തിരുവനന്തപുരം
പിൻ - 695 003
ഫോൺ : 0471-2727255
ഇ-മെയിൽ : pdlsgkerala@gmail.com
തീയതി : 20.12.2022

പ്രേഷകൻ

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്

സ്വീകർത്താവ്

എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്കും

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളും മറ്റും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അസിസ്റ്റൻറ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും ഹോണറേറിയം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 19.11.2012-ലെ സ.ഉ. (സാധാ) നം. 3181/2012/തസ്വഭവ. നം. സർക്കാർ ഉത്തരവ്

2) 25.07.2015-ലെ സ.ഉ.(സാധാ) നം. 2282/2015/തസ്വഭവ. നം. സർക്കാർ ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിൽ നിലവിലെ ഒഴിവുകൾ പി.എസ്.സി വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ ഒഴിവുകൾ ഉണ്ടാകുന്നതായി കാണുന്നു. ടി തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ പി.എസ്.സി മുഖാന്തിരം

നിയമനം നടത്തുന്നതുവരെ താൽക്കാലികമായി നിയമിക്കുന്നതിന് സൂചന(1) പ്രകാരവും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർക്ക് പ്രതിമാസ ഓണറേറിയം നിശ്ചയിച്ച് മേൽ സൂചന (2) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളും മറ്റും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണ്. അതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുന്നതുവരെ, ഒഴിവുകൾ നിലവിലുള്ള സ്ഥാപനങ്ങളിൽ, പദ്ധതി പ്രവർത്തനങ്ങളും മറ്റും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സൂചന സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും, ഹോണറേറിയം നൽകുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

M.G.RAJAMANICKAM.IAS
പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്

ഉള്ളടക്കം : മേൽ പ്രസ്താവിതം

പകർപ്പ്: ഡയറക്ടർ റൂറൽ
ഡയറക്ടർ അർബൻ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ LID & EW
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.

PRINCIPAL DIRECTORATE LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM